നം. CEE/4050/2016/ KEAM -2017/ TA.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM -2017

## ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ (മൈനോറിറ്റി) ക്വാട്ടയിലേയ്ക്കുള്ള പ്രവേശനം വിദ്യാർത്ഥികളിൽ നിന്നും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റുകൾ ക്ഷണിച്ചു

10.08.2017 ലെ WP(C) No. 26238/2017, WP(C) No. 26366/2017 എന്നിവയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദാനത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള മൈനോറിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക്. സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ അപേക്ഷകൾ ക്ഷണിച്ചു

1. Amala Institute of Medical Sciences, Amala Nagar, Thrissur
2. Jubilee Mission Medical College & Research Institute, Bisho Alappat Road,Thrissur
3. Malankara Orthodox Syrian Church Medical College, Kolenchery, Ernakulam
4. Pushpagiri Institute of Medical Science & Research Centre, Thiruvalla
5. Believers Church Medical College Hospital, Kuttapuzha, Thiruvalla
6. Pushpagiri College of Dental Science, Thiruvalla

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം തേടുന്ന വിദ്യാർത്ഥികൾ റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. കൂടാതെ ന്യൂനപക്ഷ സമുദായത്തിലെ ഉപഗണത്തിൽപ്പെടുന്നവർ ബന്ധപ്പെട്ട സമുദായം സാക്ഷ്യപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള വ്യക്തികളിൽ നിന്നും ലഭിച്ച സമുദായം തെളിയിക്കുന്ന രേഖകളും ഹാജരാക്കേണ്ടതുണ്ട്.

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ ന്യൂനപക്ഷ ക്വാട്ടയായി മാറ്റിവച്ചിട്ടുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന ബന്ധപ്പെട്ട ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2017-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Minority Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ പ്രസ്തുത ന്യൂനപക്ഷ വിഭാഗത്തിൽ വരുന്ന സമുദായ ങ്ങളുടെ പട്ടിക ലഭ്യമാകുന്നതാണ്. ഓരോ സമുദായ വിഭാഗത്തിനും നേരെ അതത് വിഭാഗത്തിൽപ്പെടുന്നതിനുള്ള യോഗ്യത, സമുദായം തെളിയിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ എന്നിവ കാണിച്ചിട്ടുണ്ട്. കൂടാതെ ഓരോ സമുദായ വിഭാഗത്തിനും നേരെ അതിനായി സമർപ്പിക്കേണ്ടുന്ന സമുദായ സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമ ലഭ്യമാകുന്നതാണ്. പ്രസ്തുത പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ബന്ധപ്പെട്ട അധികാരിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങി റവന്യൂ അധികാരികളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റിനോടൊപ്പം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതാണ്. സമുദായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/ രേഖകൾ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **14.08.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി എത്തിക്കേണ്ടതാണ്.

ഒരു പ്രത്യേക ന്യൂനപക്ഷ സമുദായ വിഭാഗത്തിലേയ്ക്ക് പരിഗണിക്കപ്പെടേണ്ട വിദ്യാർത്ഥികൾ അതിലേയ്ക്ക് സമർപ്പിക്കേണ്ടുന്ന സർട്ടിഫിക്കറ്റ് തന്നെ ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും ഒരു പ്രത്യേക ന്യൂനപക്ഷ സമുദായ വിഭാഗത്തിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ മറ്റ് വിഭാഗങ്ങളിലേയ്ക്ക് പരിഗണിക്കുന്നതല്ല. ഓരോ ഉപ സമുദായ വിഭാഗത്തിലും പരിഗണിക്കപ്പെടേണ്ടവർ പ്രത്യേകം സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. ഒരു പ്രത്യേക ന്യൂനപക്ഷ സമുദായ വിഭാഗത്തിനായുള്ള സർട്ടിഫിക്കറ്റ് നിശ്ചിത സമയത്തിനകം ഹാജരാക്കാത്ത വിദ്യാർത്ഥികളെ ബന്ധപ്പെട്ട സമുദായത്തിന്റെ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. ആവശ്യമായ രേഖകൾ നിശ്ചിത സമയത്തിനകം ഹാജരാക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി താത്കാലിക കാറ്റഗറി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. താത്കാലിക കാറ്റഗറി ലിസ്റ്റുകൾ സംബന്ധിച്ച അക്ഷേപങ്ങൾ ക്ഷണിച്ച് അവ പരിഗണിച്ച ശേഷം അന്തിമ കാറ്റഗറി ലിസ്റ്റുകൾ അലോട്ട്മെന്റിനു മുൻപായി പ്രസിദ്ധീകരിക്കുന്നതാണ്.

സമുദായ സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തികൾ നല്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപാകതകൾ ഉള്ളതും അപൂർണ്ണവുമായ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ/രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കുന്നതിനു മുൻപായി സമുദായ സർട്ടിഫിക്കറ്റുകൾ പൂർണ്ണവും, അപാകതകൾ ഇല്ലാത്തതുമാണെന്നും, ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ്, സീൽ എന്നിവ പതിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം

10.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**